പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ഗ്രാമവികസന വകുപ്പു വഴി നടപ്പാക്കിയ പദ്ധതികൾ

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 283 — 21-08-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. ഉണ്ണി<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. എൻ. വിജയൻ പിള്ള** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഗ്രാമവികസന വകുപ്പു വഴി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം, മുൻ വർഷത്തിൽ ആരംഭിച്ചിട്ടുള്ള താഴെ പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.<br><u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u><br>• മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>• പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ)<br>• പ്രധാൻ മന്ത്രി ഗ്രാമ സഡക് യോജന<br>• പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന<br>• സ്വച്ഛ് ഭാരത് മിഷൻ<br>• നാഷണൽ റർബൻ മിഷൻ<br>• സൻസദ് ആദർശ് ഗ്രാം യോജന<br><u>സംസ്ഥാന പദ്ധതി</u><br>ആർ.ഐ.ഡി.എഫ് -നബാർഡ് പദ്ധതി |
| (ബി) | പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.) പ്രകാരം എത്ര ഗുണഭോക്താക്കൾക്കാണ് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതെന്നും കേന്ദ്ര സംസ്ഥാന സർക്കാരുകൾ എത്ര തുക | (ബി) | പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതി പ്രകാരം നാളിതുവരെ 13183 വീടുകൾ അനുവദിച്ചു. 60:40 എന്ന അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന ധനസഹായം അനുവദിക്കുന്നത്. ആയത് പ്രകാരം കേന്ദ്ര സർക്കാർ 72,000/- രൂപയും, സംസ്ഥാന സർക്കാർ 48,000/- രൂപയും നൽകുന്നു. സംസ്ഥാനത്ത് ഈ തുക ഉപയോഗിച്ച് ഭവന നിർമ്മാണം |

| | | | |
|---|---|---|---|
| | വിതമാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ: | | പൂർത്തീകരിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ സംസ്ഥാന സർക്കാർ താഴെപ്പറയും പ്രകാരം തുക വർദ്ധിപ്പിച്ച് നൽകുന്നു. 1,20,000/- രൂപയിൽ അധികരിച്ച് നൽകേണ്ട തുക ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകളും, പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പുകളും ചേർന്ന് നൽകുന്നു.<br>പട്ടികജാതി വിഭാഗം - 3 ലക്ഷം രൂപ<br>പട്ടികവർഗ്ഗ വിഭാഗം - 3.5 ലക്ഷം രൂപ<br>പൊതു വിഭാഗം - 2 ലക്ഷം |
| (സി) | ഇന്ദിര ആവാസ് യോജന പ്രകാരം ഉണ്ടായിരുന്ന സ്പിൽ ഓവർ വീടുകൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഇന്ദിര ആവാസ് യോജന പ്രകാരം മുൻ വർഷങ്ങളിൽ അനുവദിച്ച വീടുകളിൽ പട്ടിക ജാതി വിഭാഗത്തിൽ 28753 വീടുകളും, പട്ടിക വർഗ്ഗ വിഭാഗത്തിൽ 8534 വീടുകളും, പൊതു വിഭാഗത്തിൽ 29291 വീടുകളും ചേർത്ത് ആകെ 66578 വീടുകൾ സ്പിൽ ഓവറായി ഉണ്ടായിരുന്നു. ഭവന നിർമ്മാണം പൂർത്തിയാകാതെ സ്പിൽ ഓവറായി നില നിന്നിരുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് എല്ലാ ജില്ല കളിലും സ്പിൽ ഓവർ കാമ്പെയിനുകൾ നടത്തിയിട്ടുണ്ട്. സന്നദ്ധ സംഘടനകൾ/ ബാങ്കുകൾ/ വ്യക്തികൾ/ വ്യവസായ സ്ഥാപനങ്ങൾ എന്നിവരുടെ സഹായങ്ങൾ ഉപയോഗിച്ച് കൊണ്ട് സ്പിൽ ഓവർ വീടുകളായി തുടരുന്ന വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്പിൽ ഓവർ വീടുകൾക്ക് അധിക ധനസഹായമായി നൽകേണ്ട തുക സംസ്ഥാന സർക്കാർ അനുവദിച്ചതിന്റെയും അടിസ്ഥാനത്തിൽ പൂർത്തീകരിക്കാനുണ്ടായിരുന്ന 66578 വീടുകളിൽ 50813 വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാക്കിയുള്ള വീടുകൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ